
# പടവുകൾ










ലിറ്റിൽ കൈറ്റ്സ് മലയാളം കമ്പ്യൂട്ടിംഗ് മാഗസിൻ

## Steps To The Digital World





ലിറ്റിൽ കൈറ്റ്സ്, മലയാളം
കമ്പ്യൂട്ടിംഗ്
പഠനത്തിന്റെ
ഭാഗമായി
തയ്യാറാക്കു പടവുകൾ എന്ന
ഡിജിറ്റൽ മാഗസിനും അണിയറ
ശില്പികൾക്കും എല്ലാവിധ
ആശംസകളും നേരുന്നു


ലിറ്റിൽ കൈറ്റ്സ് മലയാളം കമ്പ്യൂട്ടിംഗ് മാഗസിൻ







# ലിറ്റിൽ കൈറ്റ്സ് മലയാളം കമ്പ്യൂട്ടിംഗ് മാഗസിൻ










## എഡിറ്റോറിയൽബോർഡ്










തയ്യാറാക്കിയത്



അബിത എ

പുതുവർഷം

അനധ്യാപകദിനാചരണം





ഐശ്വര്യ ഷിജു



# അവധിക്കാലം



അവധിക്കാല
കുട്ടികൾ നമ്മൾ
ഓടിച്ചാടി രസിച്ചീട
കബഡി കളിക്കും
മാങ്ങയടർത്തും
ചക്കയെടർത്തും
തേങ്ങാപ്പൂളുകൾ
തിന്നു രസിക്കും
ഞണ്ടു പിടിക്കും തവള പിടിക്കും
വാനിൽപാറുംതുമ്പിയെനമ്മൾ
പിടികൂടാനായിചെന്നീടും...
പട്ടം മാനത്തേക്ക് പറത്തും
ഓടി നടന്നിട്ടാർപ്പു വിളിക്കും
ഹയ്യട നല്ലൊരു അവധിക്കാലം
പയ്യെപ്പയ്യെപോയീടും

ലിറ്റിൽ കൈറ്റ്സ് മലയാളം കമ്പ്യൂട്ടിംഗ് മാഗസിൻ



വാർഷികം
തയ്യാറാക്കിയത്

ബിയാ റോസ് മാത്യു

ലിറ്റിൽ കൈറ്റ്സ് മലയാളം കമ്പ്യൂട്ടിംഗ് മാഗസിൻ













കൈറ്റ്സ് - മാതൃ ശാക്തീകരണ
പരിപാടി, പേജ്
തയ്യാറാക്കിയത്




ബിനോ ബിജു














# മഴനനഞ്ഞ ബാല്യം

കവിത

ലിറ്റിൽ കൈറ്റ്സ് മലയാളം കമ്പ്യൂട്ടിംഗ് മാഗസിൻ



മഴ നനഞ്ഞോരെൻ ബാല്യം
ജീവിതം
മൊട്ടിട്ടുയർന്നാർത്തു
പെരുകുമോരോ മഴക്കും പിന്നെ
എവിടെയോ പോയൊളിക്കും
കാശിത്തുമ്പുകൾ അല്ലോ
നമ്മൾ.

മഴ വരും നേരമാർത്തു
വിളിച്ചത്
നനഞ്ഞോരെൻ ബാല്യം
ഒക്കെകണ്ടൊരു ചിരിയാർന്നു
നിൽക്കുമെൻ തേന്മാവു
മുത്തശ്ശി തേൻപഴങ്ങളാൽ
എന്നെ
ഒരുപാടു സൽക്കരിച്ചിരുന്നു.



ആസിയ



വിദ്യാരംഗം ഡിജിറ്റൽ റിപ്പോർട്ട്

തോമസ് സുജോ

# മോണോആക്റ്റ്, മിമിക്രി... ആഴ്ചയിൽ ഒരിക്കൽക്കൽ വീതം അരങ്ങത്ത് അവസരം




ലിറ്റിൽ കൈറ്റ്സ് മലയാളം കമ്പ്യൂട്ടിംഗ് മാഗസിൻ



ലിറ്റിൽ കൈറ്റ്സ് മലയാളം കമ്പ്യൂട്ടിംഗ് മാഗസിൻ

# ശിലായുഗത്തിലെ സ്വപ്നം

ഇന്നത്തെ
പകൽപ്പൂരം കഴിഞ്ഞു.
ഫൈവ് പോയിന്റ് ഫൈവ്
ഡിസ്പ്ലേയുള്ള
കളിപ്പാട്ടം
മേശമേലിട്ടതും മിഴിയിണകളെ
ഉറക്കം തൊട്ടടച്ചു...
എഴുപത് എം.എം ന്റെ
തിരശ്ശീലയിൽ
പൂരപ്പറമ്പിലെ മാനത്ത്
പൊട്ടിയ അവസാന പൂത്തിരികൾ
പെയ്തിറങ്ങുന്നു...
കുളമ്പടിനാദം,ഇരുണ്ട
മരങ്ങൾക്കിടയിലൂടെ
ഓരോന്നായി കുതിച്ചുപായുന്ന
കറുത്തകുതിരകൾ,
കാട്ടുകുതിരകൾ,...
ഓരോന്നിന്റെയും പുറത്ത്
കറുത്തിരുണ്ട
മനുഷ്യരൂപങ്ങൾ... അവയുടെ
എണ്ണം പെരുകിപ്പെരുകി
ഒരൊഴുക്കായിമാറി..കുന്നിൻ
മുകളിലേക്കിരച്ച് കയറി
ഒരുനിമിഷം നിന്നു...
കറുത്ത രൂപങ്ങൾ
ഒരാരവത്തോടെ ഇരുകരങ്ങളും
ആകാശത്തിലേക്കുയർത്തി...
ചേർത്ത്
ബന്ധിച്ചിരിക്കുന്ന
അവരുടെ കരങ്ങളിൽ
പ്രാചീനശിലായുഗത്തിലേതെന്ന
തോന്നിക്കുംവിധമുള്ള ഏതോ
കൂർത്ത ആയുധങ്ങൾ...



അവ പരസ്പരം വീശി അവർ
കെട്ടുകളറുത്തു നീക്കി,
എന്നിട്ട്
അങ്ങകലെ വൈദ്യുത
ദീപാലങ്കാരങ്ങളാൽ മിന്നി
തിളങ്ങുന്ന
കോൺക്രീറ്റടവിയിലേയ്ക്ക്
ആർത്തലച്ചൊഴുകി.
.പരിഷ്ക്കാരത്തിന്റെ
ഉടവാളുകളൊടിക്കാൻ, കൂർത്ത
കല്ലുകളുമായി, കറുത്ത
തിരകളായി കടലായി...!!!

കഥ
ജിമ്മി ജോസഫ്

## പേജ് തയ്യാറാക്കിയത്



ആസിയാ മോൾ.കെ

# സിനിമ,തിരക്കഥ, എഡിറ്റിംഗ്...











ലിറ്റിൽ കൈറ്റ്സ് മലയാളം കമ്പ്യൂട്ടിംഗ് മാഗസിൻ




Short filim making...

# ചിലത്...



ശ്രീലക്ഷ്മി സുമോദ്

ചില സന്ധ്യകൾ ചോന്നു
തുടുക്കാറില്ല....

ചില മുകിൽ മാലകൾ
പെയ്തൊഴിയാറില്ല...
.

ചില രാത്രികൾ
നിലാവു പൊഴിയ്ക്കാറില്ല.
...

ചില നേരം
കാറ്റിനു ചന്ദനഗന്ധമില്ല.
...

ചില മോഹങ്ങൾ സഫലമാകാറില്ല.
..
.

ചില നിമിഷങ്ങൾ മനസ്സിൽ
നിന്നു മായാറില്ല....

ചില സത്യങ്ങൾ ആരും
ഓർക്കാറില്ല....

ചില ചോദ്യങ്ങൾക്കു ഉത്തരം
കിട്ടാറില്ല....



ലിറ്റിൽ കൈറ്റ്സ് മലയാളം കമ്പ്യൂട്ടിംഗ് മാഗസിൻ



ലിറ്റിൽ കൈറ്റ്സ്,
വിദ്യാരംഗം റിപ്പോർട്ട്,
ഈ പേജ് തയ്യാറാക്കിയത്

## ജെൻസി സേവ്യർ

ലിറ്റിൽ കൈറ്റ്സ് മലയാളം കമ്പ്യൂട്ടിംഗ് മാഗസിൻ









സ്ഫുടതാരകങ്ങൾ - ടീം

# ജലം അമൃതാണ്



അലീന അജി

ജലം ഇല്ലാത്ത
ലോകത്തെക്കുറിച്ച് നമുക്ക്
ചിന്തിക്കാൻ പോലും ആവില്ല
; അത്രക്കും മൂല്യവത്താണ്
ജലം. മനുഷ്യശരീരത്തിൽ 60%
-ൽ കൂടുതലും ജലമാണുള്ളത്.
ഇപ്പോൾ ജലത്തിൻറെ
ദുരുപയോഗത്താലും
മലിനീകരണത്താലും
ഭൂമിയിലെ ശുദ്ധ ജലത്തിൻറെ
അളവ് കുറഞ്ഞുവരുന്നു.
ജലം അമൂല്യമാണ് , അതിനാൽ
അത് പാഴാക്കാതിരിക്കാം.



ലിറ്റിൽ കൈറ്റ്സ് മലയാളം കമ്പ്യൂട്ടിംഗ് മാഗസിൻ



വിദ്യാരംഗം റിപ്പോർട്ട്
പേജ് തയ്യാറാക്കിയത്

## തോമസ് സുജോ

ലിറ്റിൽ കൈറ്റ്സ് മലയാളം കമ്പ്യൂട്ടിംഗ് മാഗസിൻ

വ്യാഴാഴ്ച തോറും വിവിധ സാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കുന്നു... വിവിധ,ക്ലബ്ബുകളുമായി സഹകരിച്ച് ,വിദ്യാരംഗം കലാ സാഹിത്യ വേദിയുടെ നേതൃത്വത്തിൽ,...







ദേവീ നന്ദന

# കുഞ്ഞണ്ണാൻ

വാലു കുലുക്കിച്ചാടുന്നു
ചില്ലകൾ തോറും ഒരു കള്ളൻ
കുശലം ചൊല്ലാൻ നിന്നാലോ
ചിലു ചിലു തന്നെ ബഹളമയം



ലിറ്റിൽ കൈറ്റ്സ് മലയാളം കമ്പ്യൂട്ടിംഗ് മാഗസിൻ



ആനന്ദ് ജയൻ

# പട്ടാളം



മണ്ണിന്നടിയിൽ
കണ്ടോ കണ്ടോ
നീണ്ടു വളഞ്ഞൊരു
കൊട്ടാരം
കണ്ണിൽക്കണ്ടത്
തിന്ന് മുടിക്കും
ചിതൽ വീരൻമാരുടെ
കൊട്ടാരം



ഈ പേജ്
ഡിസൈൻ ചെയ്തത്

ബിനോ ബിജു

# നാടകശില്പശാല...

## ചില ദൃശ്യങ്ങൾ...













ആര്യ സുരേഷ്

# ജീ...

ജി.ശങ്കരക്കുറുപ്പ്

എറണാകുളം ജില്ലയിലെ
നായത്തോട്ടിൽ 1901-ലാണ്

ജി.ശങ്കരക്കുറിപ്പിൻെറ
ജനനം.സാഹിത്യ കൗതുകം,
നാലുഭാഗങ്ങൾ, അന്തർദാഹം
,ഓടക്കുഴൽ,വിശ്വദർശനം
തുടങ്ങി ഒട്ടേറെ കൃതികൾ.
ഓടക്കുഴലിന് 1966-ൽ
ലഭിച്ചു.

1978-ൽഅന്തരിച്ചു.

ലിറ്റിൽ കൈറ്റ്സ് മലയാളം കമ്പ്യൂട്ടിംഗ് മാഗസിൻ


# ഗുണപാഠകഥ

ചങ്ങാതിയെ അറിഞ്ഞാൽ
ആളെയറിയാം
നിരവധി കഴുതകളുടെ
ഉടമയായിരുന്ന ഒരു
കച്ചവടക്കാരൻ ഒരു
കഴുതയെക്കൂടി വാങ്ങുവാൻ
തീരുമാനിച്ചു.
കമ്പോളത്തിൽ പോയി അയാൾ
ഒരു കഴുതയെ തിരഞ്ഞെടുത്തു
. വില്പനക്കാരനോട് അയാൾ
പറഞ്ഞു.
"ഞാൻ ഇവനെ വീട്ടിലേക്ക്
കൊണ്ടുപോയി നോക്കട്ടെ.
മൂന്നാലു ദിവസം കഴിഞ്ഞു
കച്ചവടം ഉറപ്പിക്കാം."



നന്ദന പി.വി

അയാൾ കഴുതയെ ആലയത്തിൽ
മറ്റ് കഴുതകൾക്കൊപ്പം
ആക്കി. പുതിയ കഴുത ഉടൻ
തന്നെ ഒരു ചങ്ങാതിയെ
തിരഞ്ഞെടുത്തു.
കൂട്ടത്തിൽ ഏറ്റവും അധികം
ഭക്ഷണം കഴിക്കുകയും,
ഏറ്റവും കുറച്ചു
ജോലിചെയ്യുകയും ചെയ്യുന്ന
കഴുതയെയാണ് നവാഗത കഴുത
തിരഞ്ഞെടുത്തത്. ഇത് കണ്ട
കച്ചവടക്കാരൻ അടുത്ത
ദിവസം തന്നെ അങ്ങാടിയിൽ
പോയി അവനെ തിരികെ
ഏല്പിച്ചുകൊണ്ടു
പറഞ്ഞു:
"ഇവന്റെ ഗുണമറിയാൻ ഒരു
ദിവസം പോലും
വേണ്ടിവന്നില്ല. ഇവൻ
തിരഞ്ഞെടുത്ത
ചങ്ങാതിയെകണ്ടാലറിയാം
ഇവന്റെ സ്വഭാവഗുണം."
ഗുണപാഠം: നല്ല
കൂട്ടുകെട്ടില്ലെങ്കിൽ
നമ്മളും നല്ലവരല്ലെന്നു
കണക്കാക്കും



ലിറ്റിൽ കൈറ്റ്സ് മലയാളം കമ്പ്യൂട്ടിംഗ് മാഗസിൻ

# സൗഹൃദമധുരം

കവിത



നന്ദിനി.എം

ലിറ്റിൽ കൈറ്റ്സ് മലയാളം കമ്പ്യൂട്ടിംഗ് മാഗസിൻ

സൗഹൃദമധുരം നുണയുന്നു
ഞാനിന്നു-
പ്രിയരാം എൻ കൂട്ടരോടൊപ്പം.
എൻ മനസ്സിൻ കണ്ണാടിയായ്,
എൻ ചിരിതൻ പാലൊളിയായ്,
ഒരിക്കലും മായാത്ത
നിലാവായി......!

സൗഹൃദമധുരം നുണയുന്നു
ഞാനിന്നു-
പുതിയതാം എൻ കൂട്ടരോടൊപ്പം.

